റയുന്നത് ആദിവാസികളുടെ സമ്പത്താണ്' എന്നുള്ള സമീപനമാണ്. പക്ഷേ ഞാൻ മനസിലാക്കിയിട്ടുള്ളത് ശരിയാണെങ്കിൽ 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടും നമ്മുടെ കാഴ്ചപ്പാടും തമ്മിൽ ചില പൊരുത്തക്കേടുകളുണ്ട്. ആ പൊരുത്തക്കേടുകൾകൊണ്ടുള്ള പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളത്. ആ പൊരുത്തക്കേട് ഇല്ലാതാക്കി ആദിവാസികൾക്ക് വീട് നിർമ്മിച്ച് കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തടസ്സമുണ്ടാകാതിരിക്കാൻ ഞാൻ പ്രത്യേകം ചർച്ചചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്.

3 (*257) തടിലേലം

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തടി ഡിപ്പോകളിൽനിന്നും തടികളും വനോൽപ്പന്നങ്ങളും ലേലം ചെയ്യുന്നതിനും ലേലം കൊള്ളുന്നതിനും ഉള്ള നിബന്ധനകളിൽ ഈയിടെ മാറ്റം വരുത്തുകയുണ്ടായോ;

(ബി) എങ്കിൽ വരുത്തിയ മാറ്റങ്ങൾ എന്താണെന്നും അവ എന്നുമുതലാണ് പ്രാബല്യത്തിൽ വരുത്തിയതെന്നും വ്യക്തമാക്കുമോ;

(സി) ഈ മാറ്റം വരുത്തിയതുമൂലം സംസ്ഥാനത്തെ ചെറുകിട ഇടത്തരം തടി വ്യാപാരികൾ വ്യാപാരം തുടരാനാവാതെ ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചെറുകിട/ഇടത്തരം വ്യാപാരികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ലേല വ്യവസ്ഥകളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) മാറ്റം വരുത്തുകയുണ്ടായി.

(ബി) വരുത്തിയ മാറ്റങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നു.† പുതുക്കിയ ലേല നിബന്ധനകൾ 1999 ജനുവരി ഒന്നാം തീയതി മുതലാണ് പ്രാബല്യത്തിൽവരുത്തിയത്.

(സി)&(ഡി) 5.11.98-ലെ ഉത്തരവു പ്രകാരം ചുരുങ്ങിയ ലേല നിബന്ധനകൾ പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് തടി വ്യാപാരികൾ നൽകിയ നിവേദനങ്ങൾ പരിഗണിച്ചതിനുശേഷം 4.3.99-ലെ സർക്കാർ ഉത്തരവുപ്രകാരം ലേല വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

4 (*271) വനംവകുപ്പു നടത്തുന്ന തടിലേലം

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ തടിലേലം കരാറുകാർ ബഹിഷ്ക്കരിച്ചിരിക്കുന്നതുമൂലമുണ്ടാകുന്ന പ്രതിസന്ധി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കരാറുകാർ ഇപ്രകാരം ലേലം ബഹിഷ്ക്കരിക്കാനുണ്ടായ കാരണം വിശദീകരിക്കുമോ;

(സി) വളരെയധികം തൊഴിലവസരങ്ങൾ നഷ്ടപ്പെടാനിടയുള്ള ഈ പ്രതിസന്ധി ഒഴിവാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) 31.12.1998 വരെ നിലവിലിരുന്ന ലേല വ്യവസ്ഥകൾ പുതുക്കി, നിരതദ്രവ്യമായി അടയ്ക്കേണ്ട തുക ലേലത്തിൽക്കൂടി വിളിക്കാവുന്ന കുറഞ്ഞ സംഖ്യ, ലേലദിവസം അടയ്ക്കേണ്ടുന്ന മൂന്നിലൊന്ന് ഭാഗം ലേലത്തുക, തറവാടകയായി അടയ്ക്കേണ്ട തുക, തറവാടക അടച്ച് ഉൽപ്പന്നങ്ങൾ നീക്കം ചെയ്യാവുന്ന കാലാവധി എന്നിവയിൽ മാറ്റം വരുത്തിക്കൊണ്ട് 16.11.1998-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് ചില കരാറുകാർ ലേലം ബഹിഷ്ക്കരിച്ചവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു.

(സി) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാതിക്ക് ഇടയായ ചില ലേലവ്യവസ്ഥകളിൽ മാറ്റം വരുത്തിക്കൊണ്ട് 4.3.1999 -ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അതുകൊണ്ട് ഇപ്പോൾ തടി ലേലം തടസ്സംകൂടാതെ നടക്കുന്നുണ്ട്.

ശ്രീ. കെ.സി. ജോസഫ് : പുതിയ ലേലവ്യവസ്ഥയിൽ മാറ്റം വരുത്തിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ലേലം ആരംഭിക്കുന്നതിന് പ്രൈസ് നിശ്ചയിക്കാനുള്ള മാനദണ്ഡമെന്താണ്? ലേലത്തിൽ പങ്കെടുക്കുന്ന കച്ചവടക്കാർ ഒന്നിച്ചുചേർന്ന് നടത്തുന്ന ചില ഒത്തുകളിമൂലം ഈ ലേലത്തുകയിൽ വലിയ കുറവുവരുന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം ചൂഷണം തടയാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : അങ്ങനെയും ചില പരാതികൾ ഇല്ലാതില്ല. 1984-ന്റെ അവസാനമാണ് ഈ ലേലവ്യവസ്ഥകൾ പരിഷ്കരിച്ചത്. അതിനുശേഷം തടിവിലയിൽ ക്രമാതീതമായ വർദ്ധനവുണ്ടായി. അതനുസരിച്ചുള്ള വരുമാനം കിട്ടുന്നതിനുവേണ്ടിയും പലപ്പോഴും സമയത്ത് കാശ് അടയ്ക്കാതെ സർക്കാരിന് കാശ് ഈടാക്കുന്നത് തടസ്സപ്പെടുത്തുന്നതടക്കമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനും വേണ്ടിയാണ് ലേലവ്യവസ്ഥയിൽ മാറ്റം വരുത്തിയത്.

ശ്രീ. കെ.സി. ജോസഫ് : ലേലവ്യവസ്ഥയിൽ മാറ്റംവരുത്തി അത് ജനുവരിയിൽ പ്രാബല്യത്തിലായെന്ന് പറയുകയുണ്ടായി. അങ്ങനെ മാറ്റംവരുത്തിയതുമൂലം വരുമാനത്തിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ഇല്ലെങ്കിൽ അത് അടയ്ക്കാനുള്ള കാര്യങ്ങൾക്ക് വിധേയമായോ എന്ന് പരിശോധിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : വരുമാനത്തിൽ വർദ്ധനവുണ്ടായി എന്നാണ് കണക്ക്. അത് സംബന്ധിച്ച വിശദാംശങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എഫ്. തോമസ് : തടിലേലത്തിന്റെ പ്രതിസന്ധി ഒഴിവാക്കി യെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വ്യാപകമായി കൃഷിയുള്ള സോഷ്യൽ ഫോറസ്ട്രി എന്ന് ഒരു തരത്തിൽ വിശേഷിപ്പിക്കാവുന്ന റബ്ബർമേഖലയിൽ തടി വെട്ടി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ അനുവദിക്കണ മെന്നു കൃഷിക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത് അനുവദിച്ചി രുന്നു. പക്ഷേ പെട്ടെന്ന് അത് അവിടെ നിൽക്കട്ടെ ഇപ്പോൾ വേണ്ട എന്ന നില യിലേയ്ക്ക് ഗവൺമെന്റ് വന്നുനിന്നു. ആ ഫയലുകളൊക്കെ നിറുത്തിവച്ചിരി ക്കുന്നുവെന്ന് അറിയുന്നു. കർഷകർക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്ക ഒഴിവാ ക്കാൻ വളരെ വേഗത്തിൽ, റബ്ബർത്തടി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടു പോകാനുള്ള അനുവാദം കൊടുക്കുന്നകാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : കൃഷിക്കാരുടെ ഭാഗത്തു നിന്നും ഇങ്ങനെ ഒരു ആവശ്യം ഉണ്ടായിരുന്നു. അതു സംബന്ധിച്ച് ചില നട പടികൾ സ്വീകരിക്കുന്നതുമാണ്. ഈ കാര്യത്തിൽ വ്യവസായവകുപ്പിന്റെ അഭിപ്രായംകൂടി ആരാഞ്ഞിരിക്കുകയാണ്

ശ്രീ. സി.എഫ്. തോമസ് : ഈ ഗവൺമെന്റിനെ പ്രേരിപ്പിച്ച കാരണം ഞങ്ങൾ അന്വേക്ഷിച്ചിടത്തോളം ഇവിടെയുള്ള കുറച്ചു തീപ്പെട്ടി ഫാക്ടറികൾ അതുപോലെ ചുരുക്കം ചില വേറെ ഫാക്ടറികളുമാണ്. അതുകൊണ്ടുണ്ടാ കുന്ന പ്രയോജനത്തെക്കാൾ വളരെ കൂടുതൽ പ്രയോജനമുണ്ടാകും. ഈ സംസ്ഥാനത്ത് പത്തുലക്ഷത്തോളം റബ്ബർ കർഷകർ റബ്ബർവില തകർന്ന പ്പോൾ തടിയെങ്കിലും വിൽക്കാൻ നോക്കിയിട്ട് തടിയും കൊണ്ടുപോകാൻ പറ്റുന്നില്ല എന്നുവരുത്തുന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. വ്യവസായവകുപ്പിന്റെ ചെറിയ തടസ്സങ്ങൾകൊണ്ട് തടസ്സപ്പെടുത്താതെ, മുൻപ് അനുവദിച്ചത് തുടർന്ന് അനുവദിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരി ക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : അങ്ങനെ പെട്ടെന്ന് ഒരു നിഗമനത്തിൽ എത്തിച്ചേരുന്നത് ശരിയല്ല. വ്യവസായവകുപ്പ്, കൃഷിവകുപ്പ്, വനംവകുപ്പ് എല്ലാംകൂടി ചേർന്ന് ആലോചിച്ച് ഈ കാര്യത്തിൽ തീരുമാനം എടുക്കേണ്ടതാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ് : തടി ലേല സമയത്ത് കരാറുകാർ എല്ലാ പേരും കൂടി ഒത്തൊരുമിച്ച്, ഗവൺമെന്റിലേയ്ക്ക് ശരിയായി വരാനുള്ള വരുമാനം വരുത്താതെ ലേലം ചുരുക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : അപൂർവ്വമായി അങ്ങനെ ചില ആക്ഷേപങ്ങളുണ്ട്. സാർവത്രികമല്ല.

ശ്രീ. ജോണി നെല്ലൂർ : ഇവിടെ തടിലേലത്തിന്റെ ചട്ടങ്ങൾ പരിഷ്ക രിച്ചകാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ലേലത്തിനുള്ള തടി ആ നിശ്ചിത സമയത്തിനുള്ളിൽ എടുക്കാൻ കഴിയാതെ പോയാൽ കരാറുകാർക്ക് അൽപ്പ സമയത്തേയ്ക്ക് പലിശ വാങ്ങിക്കൊണ്ട് നീട്ടിക്കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. നിലവിലുണ്ടായിരുന്ന സമ്പ്രദായത്തിനു മാറ്റം വരു ത്തിയിട്ടുണ്ടോ? നേരത്തെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്ക് തന്നെ നൽകിയി രുന്ന അധികാരം എടുത്തുകളഞ്ഞിട്ടുണ്ടോ; ഇപ്പോൾ പുതിയ അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : നേരത്തെ ഉണ്ടായിരുന്ന അധികാരങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണ്. പലിശ, പിഴയും പലിശയും ഒക്കെ ഈടാക്കിക്കൊണ്ട് നീട്ടിക്കൊടുക്കാനുള്ള വ്യവസ്ഥകൾ ഇപ്പോഴും നില നിൽക്കുന്നു.

5 (*259) നീർമറി പദ്ധതി

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചുള്ള നീർമറി പദ്ധതി യിലെ വിവിധ പ്രവർത്തനങ്ങൾക്ക് കേരളത്തിലെ പ്രകൃതി സാഹചര്യങ്ങൾ അനുയോജ്യമല്ല എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയിലെ ഏതെല്ലാം കാര്യങ്ങൾ പൊതുവിൽ കേരളത്തിൽ പ്രയോഗത്തിൽ വരുത്താനായിട്ടില്ല എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം ഇതുവരെ എത്രരൂപയുടെ കേന്ദ്രവിഹിതം പ്രയോജ നപ്പെടുത്താനായില്ല എന്നറിയിക്കുമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തി പൂർണ്ണ പ്രയോജനം നേടിയെടുക്കുന്നതിലേക്ക് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) എട്ടാം പദ്ധതിക്കാലത്ത് അനുവദിച്ച മുഴുവൻ തുകയും ചെലവ ഴിച്ചിട്ടുണ്ട്. 9-ാം പദ്ധതിക്കാലത്തേക്ക് അനുവദിച്ചതുക വിനിയോഗിച്ചുവരുന്നു.

(ഡി) അടിസ്ഥാന സൗകര്യത്തിന് 40 ശതമാനവും മണ്ണ് സംരക്ഷണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് 60 ശതമാനവും തുക കേരളത്തിലെ സാഹചര്യങ്ങളിൽ വികസനപ്രവർത്തനങ്ങൾക്ക് കൂടുതൽ തുക വിനിയോഗി ക്കുന്നതാണ്. സംസ്ഥാനത്തിന് കൂടുതൽ ഗുണകരം എന്നതിനാൽ പദ്ധതി തുകയുടെ 75 ശതമാനം ഇതിനായി നീക്കിവച്ചുകൊണ്ട് 9-ാം പദ്ധതിക്കാല ത്തേയ്ക്ക് ഉത്തരവായിട്ടുണ്ട്. ഈ ഭേദഗതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിവരുന്നു.

ശ്രീ. വി.ജെ. പൗലോസ് : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ദേശീയതലത്തിൽ ഉണ്ടായിട്ടുള്ള പദ്ധതി നമ്മുടെ കേരളത്തിന് പല കാര്യ ത്തിലും അനുയോജ്യമല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ടെ ങ്കിൽപോലും നമ്മുടെ റോഡുകളുടെ പാർശ്വങ്ങളെ സംരക്ഷിക്കുന്നതിന് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് കൈതച്ചെടികൾ വച്ചുപിടിപ്പിച്ചും തെങ്ങോ ലകളും മറ്റും പാകിയും മണ്ണ് പാർശ്വങ്ങളിൽ നിറച്ച് സംരക്ഷിക്കണമെന്നുള്ള താണ്. കേരളത്തിന്റെ നമ്മുടെ കാലാവസ്ഥയുടെ പ്രത്യേകതകളും മണ്ണിന്റെ സ്വഭാവവുംവച്ച് ഇത് പ്രയോജനമല്ലെന്നുള്ളതുകൊണ്ട് കൃഷിക്കാർ എല്ലാ പേരും ഒരുപോലെ പറഞ്ഞതാണ്. ഇത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടു ത്തി, ഉറപ്പുള്ള ഭിത്തികൾ (നമ്മുടെ കൃഷി ഡിപ്പാർട്ടുമെന്റ് മൈനർ ഇറിഗേഷ നൊക്കെ പാർശ്വ സംരക്ഷണത്തിനുവേണ്ടി ഉറപ്പുള്ള ഭിത്തികളാണ് കെട്ടി

LIBRARY ARCHIVES Kerala Legislative Assembly